# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 30, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 32 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും, അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 17 പേർക്കും കണ്ണൂർ ജില്ലയിൽ നിന്നും 11 പേർക്കു, ഇടുക്കി, വയനാട് ജില്ലകളിൽ നിന്ന് രണ്ടു പേർക്കു വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. രോഗം സ്ഥിരീകരിച്ച 213 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 202 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 157283 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 156660 പേർ വീടുകളിലും 623 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 6999 സാമ്പിളുകൾ പരിശോധിച്ചതിൽ 6034 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. നിരീക്ഷണം ശക്തമാക്കണം എന്നും എല്ലാവരും സമൂഹ അകലം പാലിക്കാൻ ശ്രദ്ധിക്കണം എന്നും അറിയിച്ചു. മാർച്ച് 31 ന് വിരമിക്കുന്ന ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് 3 മാസത്തേക്ക് വിരമിക്കൽ കാലാവധി നീട്ടി കൊടുക്കുകയോ താത്ക്കാലിക നിയമനം നൽകുകയോ ചെയ്യണം എന്നും ധനവകുപ്പിനോട് ഇതിനാവശ്യമായ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു. പ്രായമായവർ മറ്റു ദുർബല വിഭാഗക്കാർ എന്നിവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പുതിയ പി സി ആർ മെഷിനുകൾക്കും, വെന്റിലേറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ഒരു മാസത്തേക്കുള്ള ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകാം എന്നും അറിയിച്ചു. മാർച്ച് 1 നു ശേഷം വിദേശ രാജ്യങ്ങളിൽ നിന്നു വന്ന എല്ലാവരും നിർബന്ധമായും നിരീക്ഷണത്തിൽ ഇരിക്കേണ്ടതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

റാപ്പിഡ് ടെസ്റ്റുകൾക്കായുള്ള മാർഗ്ഗരേഖ ഇംഗ്ലീഷിലും, മലയാളത്തിലും തയ്യാറാക്കി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകിയിട്ടുണ്ട്. സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സർവ്വേയുടെ പ്രോപ്പോസൽ നൽകിയിട്ടു

ണ്ട്. ഇതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ ഫീൽഡ് വർക്കേഴ്സ് അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണം. വെന്റിലേറ്ററുകൾ വാങ്ങുന്നതുമായി സംബന്ധിച്ച് കെ എം എസ് സി എൽ ചില സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു. വെന്റിലേറ്ററുകൾ 3 തരമാണ് ഉള്ളത്. ഇൻവേസീവ് മെക്കാനിക്കൽ, നോൺഇൻവേസീവ്, ഹൈഫ്ളോ. ഇതിൽ ഇൻവേസീവ്മെക്കാനിക്കൽ ആണ് കൂടുതൽ പ്രയോജനകരമായിട്ടുള്ളത് അതുകൊണ്ട് ഈ ഗണത്തിൽപ്പെട്ടവ കൂടുതലായി വാങ്ങുന്നതായിരിക്കും നല്ലത്. അതുകൊണ്ടുതന്നെ വെന്റിലേറ്ററുകൾ വാങ്ങുമ്പോൾ 70 ശതമാനം ഇൻവേസീവ് മെക്കാനിക്കൽ വെന്റിലേറ്ററുകളും, 15 ശതമാനം വീതം മറ്റുള്ളവയും വാങ്ങുന്നതാവും ഉചിതം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതുകൂടാതെ പൾസ് ഓക്സിമീറ്റർ, നോൺ ബ്രീത്തിംഗ് മാസ്ക്, പോർട്ടബിൾ വീഡിയോ ലാരിഞ്ചോ സ്കോപ്പ് എന്നിവ കോവിഡ് ചികിത്സ ആശുപത്രികൾക്കാവശ്യമായ കണക്കുകൾ പ്രകാരം വാങ്ങാവുന്നതാണ്. വ്യക്തിസുരക്ഷാ ഉപകരണങ്ങൾ വാങ്ങുമ്പോൾ എൻ 95 മാസ്ക്കുകളിൽ ഫിൽറ്ററിംഗ് ഫെയിസ് പീസ് രണ്ടും, മൂന്നും ഉള്ളവയായിരിക്കും ആശുപത്രികളിൽ ഉപയോഗിക്കുന്നതിന് അനുയോജ്യമായവ. എന്നാൽ ഇപ്പോൾ ചില മെഡിക്കൽ കോളേജുകളിൽ എഫ് എഫ് പി ഒന്ന് ഉള്ളവയാണ് സപ്ലൈ ചെയ്തിരിക്കുന്നത്. ഇവ ആശുപത്രികളുടെ ഉപയോഗത്തിന് അനുയോജ്യമായവ അല്ല. അതുകൊണ്ട് ഇവ തിരിച്ചെടുക്കുന്നതാവും ഉചിതം. ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇത് നന്നായി പബ്ലിഷ് ചെയ്തിട്ടണ്ട്. ആരോഗ്യ വകുപ്പ് വെബ് സൈറ്റിൽ ചിത്രങ്ങളും, മാപ്പുകളും, ഗ്രാഫുകളും അടങ്ങുന്ന ഡാഷ് ബോർഡ് ഉണ്ടാകുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ഇതിന്റെ ഒരു സംക്ഷിപ്ത രൂപം മറ്റു സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകളിലും, പബ്ലിഷ് ചെയ്യാവുന്നതാണ്. വ്യക്തികളുടെ പേരുകൾ ചില പ്രത്യേക ജില്ലക്കാർ, വിദേശികൾ എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാകും ഉചിതം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## സ്റ്റേറ്റ് പോലീസ് ചീഫ്

വയനാട് ജില്ലയിൽ 4000ത്തോളം സന്നദ്ധ പ്രവർത്തകർ ഉണ്ടെന്നും ഇവരെ നിയന്ത്രിക്കുന്നതിനായി ആരുമില്ലെന്നും കമ്മ്യൂണിറ്റി കിച്ചനുകളിൽ നിന്നും സൗജന്യമായി ഭക്ഷണം കഴിക്കുന്നതായും ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പെരുമ്പാവൂരിൽ ഏകദേശം 3000ത്തോളം അതിഥി തൊഴിലാളികൾ ഉണ്ട്. ഇവർ തിങ്ങി നിറഞ്ഞാണ് കഴിയുന്നത്. അവരെ മാറ്റി പാർപ്പിക്കേണ്ട ആവശ്യകത ഉണ്ട്. സൂപ്പർ മാർക്കറ്റുകളിൽ സാമൂഹിക അകലം പാലിക്കപ്പെടുന്നില്ല.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

അതിഥി തൊഴിലാളികളുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇന്നലെ ഒരു മീറ്റിംഗ് കൂടിയിരുന്നതായും കേരളത്തിൽ ഏകദേശം 4600 ഓളം ക്യാമ്പുകൾ ഉള്ളതായും ഈ ക്യാമ്പുകളിലായി 1.7 ലക്ഷത്തോളം അതിഥി തൊഴിലാളികൾ ഉള്ളതായും അറിയിച്ചു. ഇവരുടെ കാര്യങ്ങൾക്കായി 25 നോഡൽ ആഫീസർമാരെ തെരഞ്ഞെടുത്തതായും ഇവരുടെ ക്യാമ്പുകൾ സന്ദർശിക്കുന്നതിനും ഹോം ഗാർഡുകൾ അടങ്ങുന്ന ഒരു സംഘത്തെ രൂപീകരിച്ചതായും അറിയിച്ചു.

## ചീഫ് സെക്രട്ടറി

സംസ്ഥാനത്ത്  നിലവിൽ ആശുപത്രികളിൽ ലഭ്യമായ കിടക്കകൾ ഐ സി യു, വെന്റി ലേറ്ററുകൾ എന്നിവയുടെ കണക്കും എഞ്ചിനിയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ലഭ്യമായ മുറികളുടെയും കണക്കും അവതിരപ്പി ച്ചു. കെ എം എസ് സി എൽ മായി ആലോചിച്ച് ഇപ്പോൾ ആവശ്യമായ ഉപകരണങ്ങ ളുടെയും മറ്റും പട്ടിക തയ്യാറാക്കി. 7 പി സി ആർ മെഷീനുകൾ സജ്ജമായിട്ടുണ്ട്. എന്നാൽ ഇവയ്ക്കു ആവശ്യമായ കിറ്റുകൾ വരേണ്ടതുണ്ട്. പി സി ആർ മെഷീനുകൾ പ്രവർത്തിക്കാൻ ആവശ്യമായ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പല സംസ്ഥാനങ്ങളിലും ആശങ്ക ഉണ്ടെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ അതിഥി തൊഴിലാളികളുടെ കാര്യത്തിൽ കേന്ദ്രം സംതൃപ്തി പ്രകടിപ്പിച്ചി രുന്നു.  എന്നിരുന്നാലും അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലു ത്തണ്ട ആവശ്യകത ഉണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

സന്നദ്ധ പ്രവർത്തകർ പലരും പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആശ ങ്കയ്ക്ക് ഇടവരുത്തുന്നുണ്ട്. ചില ജില്ലകളിൽ നിരീക്ഷണത്തിലുള്ള വീടുകളിലെ സന്ദർശ നവും നടക്കുന്നില്ല. പലരും ഫോണുകൾ വഴി വിവരങ്ങൾ ശേഖരിക്കുന്നതായി അറിവാ യിട്ടുണ്ട്. ഇതുമൂലം നിരീക്ഷണത്തിലുള്ളവരെ പരിശോധിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടു ന്നുണ്ട്. ജില്ലകൾക്കു പുറത്തു നിന്നുള്ളവർക്ക് താമസസൗകര്യം ഉറപ്പു വരുത്തേണ്ടതാ ണ്. കമ്മ്യൂണിറ്റി കിച്ചനുകളിൽ 90 ശതമാനം പേർക്കും സൗജന്യമായിട്ടാണ് ഭക്ഷണം നൽകുന്നത്. ഇങ്ങനെ സൗജന്യമായി ഭക്ഷണം കൊടുക്കേണ്ടിവന്നാൽ കടുത്ത പ്രതി സന്ധി നേരിടും. ഉദ്യോഗസ്ഥർ കടുത്ത സമ്മർദ്ദത്തിലാണ്. ഇതു പരിഹരിക്കുന്നതിനായി ഉന്നത തലത്തിൽ നിന്നുള്ള ഇടപെടൽ ആവശ്യമാണ്.

## എ ഡി ജി പി ഫയർ ആൻഡ് റസ്ക്യൂ

ആവശ്യമായ വോളന്റിയർമാർ സിവിൽ ഡിഫൻസിനു കീഴിൽ ഉണ്ട്. വേണ്ടിവന്നാൽ ഇവരെ സന്നദ്ധ പ്രവർത്തനത്തിനു നിയോഗിക്കാവുന്നതാണ്.  സന്നദ്ധപ്രവർത്തകർ എല്ലാവരും തന്നെ ആരോഗ്യ വകുപ്പിനു കീഴിൽ ഏകോപനത്തോടെ പ്രവർത്തിക്കേണ്ട താണ്. പ്രായമായവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം.

## ഐ ടി  സെക്രട്ടറി

പ്രായാധിക്യമുള്ളവർക്കായി ഐ എം എ യുമായി ചേർന്ന് ടെലി കോളിംഗ് സൗകര്യം തയ്യാറാക്കുന്നുണ്ട്. ഇതിനായി ഒരു പോർട്ടൽ രൂപീകരിക്കുന്നുണ്ട്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഡോക്ടറുടെ സേവനം കൂടാതെ ഒരു സന്നദ്ധ പ്രവർത്തകന്റെ സഹായം കൂടി ലഭ്യമാണ്.

കേരളത്തിൽ കഴിഞ്ഞ മൂന്നു മാസമായി ഏകദേശം പത്തു ലക്ഷത്തിലധികം ആൾക്കാർ വിദേശത്തു നിന്നു എത്തിയിട്ടുണ്ട്. എന്നാൽ നിരീക്ഷണത്തിൽ ഒന്നര ലക്ഷം ആൾക്കാർ മാത്രമാണ് ഉളളത് ഇതു പരിശോധിക്കേണ്ടതാണ്. റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങുമ്പോൾ ഇതുകൂടി കണക്കിലെടുക്കേണ്ടതാണ്.

## ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

വിദേശത്തു നിന്നു നൽകാമെന്നു പറഞ്ഞിരുന്ന പതിനായിരം റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വിമാനങ്ങൾ റദ്ദാക്കിയ സാഹചര്യത്തിൽ എത്തിച്ചു തരാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എത്തിച്ചുതരാൻ പറ്റുന്ന മറ്റു മാർഗ്ഗങ്ങളെപ്പറ്റി അന്വേഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

യുണിസെഫ് 35 ലക്ഷം രൂപ നൽകിയത് ജില്ലകൾകൾക്ക് നൽകാമെന്ന് എസ് ഡി എം എ സെക്രട്ടറി അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. സംസ്ഥാനത്ത് ചരക്കുമായി വാഹനങ്ങൾ എത്താൻ തുടങ്ങിയോ? ഇത് ആരെങ്കിലും പരിശോധിക്കുന്നുണ്ടോ? എന്ന് മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി പൊതുഭരണവകുപ്പ് സെക്രട്ടറി ശനിയാഴ്ച കേരളത്തിലേക്ക് 1350 ചരക്കു വാഹനം എത്തിയിരുന്നതായും എന്നാൽ ഞായറാഴ്ച അത് 1250 ലേക്ക് കുറഞ്ഞതായും അറിയിച്ചു. ഇന്നത്തെ കണക്ക് വൈകിട്ടോടെ മാത്രമെ ലഭ്യമാകുകയുളളു എന്നും, ഇത് പഠിച്ചതിനു ശേഷം വിശദമായ റിപ്പോർട്ട് നൽകാം എന്നും അറിയിച്ചു. **(ചുമതല –പൊതുഭരണ വകുപ്പ്).**
2. അവശ്യ സാധനങ്ങളുമായി പോകുന്ന വാഹനങ്ങൾ ഏതേലും രീതിയിൽ ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി നിരീക്ഷിക്കാൻ ഒരു സംവിധാനം തയ്യാറാക്കണം. ഇതുവഴി വാഹനങ്ങൾ സുരക്ഷിതമായി എത്തിച്ചേർന്നിട്ടുണ്ടോയെന്നും മനസ്സിലാക്കാൻ സാധിക്കണം. ചരക്കുമായി പോകുന്ന വാഹനങ്ങളെ മരുന്ന്, പാചക വാതകം, ധാന്യം മുതലായവ എന്നും, പഴം പച്ചക്കറി, പലവ്യഞ്ജനം മുതലായവ എന്നും, മറ്റ് അവശ്യസാധനങ്ങൾ എന്നും മൂന്നായി തരം തിരിക്കേണ്ടതാണ്. **(ചുമതല – ആഭ്യന്തരം , ഗതാഗതം, ഐ ടി വകുപ്പ്).**
3. സന്നദ്ധ പ്രവർത്തകർക്കായുള്ള പാസ്സുകൾ ക്രമപ്പെടുത്തണം. e- പാസ്സുകൾ വിതരണം ചെയ്യുന്നതിനുളള നടപടികൾ സ്വീകരിക്കേണ്ടതാണ്. പാസ്സുകൾ ആധാർ, മൊബൈൽഫോൺ എന്നിവ വഴി ബന്ധിപ്പിക്കേണ്ടതാണ്. **(ചുമതല – ആഭ്യന്തരവകുപ്പ്, ഐടി വകുപ്പ്).**
4. ആരോഗ്യ പ്രവർത്തകർക്ക് വിശ്രമിക്കുന്നതിനായി ആശുപത്രികൾക്ക് അടുത്ത് വീടുകൾ ലഭ്യമല്ലെങ്കിൽ ഇതിനായി അടുത്തുള്ള ഹോട്ടലുകൾ ഉപയോഗിക്കാവുന്നതാണ്. ഈ ഹോട്ടലുകളിലെ ജോലിക്കാർക്കും ആവശ്യമായ പരിശീലനം നൽകേണ്ടതാണ്. **(ചുമതല – വിനോദസഞ്ചാര വകുപ്പ്).**
5. പൊതുജനസേവന കേന്ദ്രങ്ങളിൽ തിരക്ക് അനുഭവപ്പെടുന്നുണ്ട്. ഇത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. **(ചുമതല – ആഭ്യന്തരവകുപ്പ്).**

6. പെൻഷൻ നൽകാൻ തുടങ്ങിയതിനാൽ ബാങ്കുകളിൽ തിരക്ക് അനുഭവപ്പെടുന്നുണ്ട് ഇത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനു മറുപടിയായി ബാങ്കുകളുടെ പ്രവർത്തനം ഒരു മണിക്കൂർ നേരത്തെ ആക്കുകയും അക്കൗണ്ട് നമ്പരുകളുടെ അടിസ്ഥാനത്തിൽ അഞ്ചു ദിവസമായി പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ഡി ജി പി യും ധനകാര്യ വകുപ്പ് സെക്രട്ടറിയും അറിയിച്ചു.**(ചുമതല – ധനകാര്യം - ആഭ്യന്തരവകുപ്പ്)**.
7. വ്യാപാര സ്ഥാപനങ്ങൾ രാവിലെ 7 നും വൈകിട്ട് 5 നുമിടയിലാണ് പ്രവർത്തിക്കാവുന്നത്. എന്നാൽ ബേക്കറികൾ പോലുള്ള സ്ഥാപനങ്ങൾ നേരത്തെ തുറന്നാൽമാത്രമേ അവർക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കാൻ സാധിക്കൂ. അതുകൊണ്ട് ബേക്കറികൾക്ക് ഒരു മണിക്കൂർ നേരത്തെ കടകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കാവുന്നതാണ്. **(ചുമതല – ആഭ്യന്തരവകുപ്പ്)**.
8. വിധവാ പെൻഷൻ ലഭ്യമാകുന്നതിന് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഈ സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവർക്ക് സമയം നീട്ടി നൽകാവുന്നതാണ്. **(ചുമതല – സാമൂഹ്യക്ഷേമ വകുപ്പ്, ധനകാര്യ വകുപ്പ്)**.
9. ചില സ്വകാര്യ ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാർക്ക് മൂന്നു ദിവസത്തെ മുഴുവൻ സമയം ജോലിയും നാലു ദിവസത്തെ ലോസ് ഓഫ് പേയുമാണ്. ഇതിൽ ഇടപെടേണ്ടി വരും. സ്വകാര്യ ആശുപത്രികളിലെ പ്രവർത്തനങ്ങളും പരിശോധിക്കേണ്ടതാണ്. **(ചുമതല – ആരോഗ്യ വകുപ്പ്)**.
10. മാർച്ച് 31 ന് വിരമിക്കുന്നവർ ആഫീസുകളിൽ എത്തി ചാർജ്ജു കൈമാറാതെ തന്നെ വിരമിച്ചതായി കണക്കാക്കേണ്ടതാണ്. ഇതിനായി ധനകാര്യ വകുപ്പ് ഓഡർ നൽകേണ്ടതാണ്. **(ചുമതല – ധനകാര്യ വകുപ്പ്)**.
11. കൂടുതൽ കേസ്സുകൾ ഗൾഫിൽ നിന്നും തിരിച്ചെത്തുന്നവരിൽ നിന്നു സ്ഥിരീകരിക്കുന്നതുകൊണ്ട് സമൂഹം അവരെ അകറ്റി നിർത്തുന്നതായി കാണുന്നു. അത് പാടില്ല. **(ചുമതല – തദ്ദേശസ്വയം ഭരണം, ആഭ്യന്തരവകുപ്പ്)**.
12. കൊറിയർ വഴിയുള്ള മരുന്നു വിതരണം പുന:സ്ഥാപിക്കപ്പെട്ടോയെന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
13. സ്ഥിരമായി ഡയലാസിസ് ചെയ്യുന്നവർക്ക് നൽകാനുള്ള പെൻഷന്റെ കാര്യം പരിശോധിക്കണം **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
14. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തുന്നു എന്ന് ഉറപ്പുവരുത്തണം **(ചുമതല- ആരോഗ്യ വകുപ്പ്)**
15. തൊഴിലാളികളുടെ വേതനത്തിൽ കുറവുവരാൻ പാടില്ല. **(ചുമതല- തൊഴിൽ വകുപ്പ്)**
16. മിൽമയിൽ നിന്ന് പാൽ പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ അവർ പ്രതിസന്ധി നേരിടുകയാണ്. ഈ സാഹചര്യത്തിൽ പാലിനെ പാൽപൊടിയായി മാറ്റുവാൻ ശ്രമിച്ചെങ്കിലും അതിന് തമിഴ്നാടിന്റെ സഹായം ആവശ്യമായി വന്നു. എന്നാൽ തമിഴ്നാട്ടിലെ സംസ്കരണ യൂണിറ്റുകൾ എല്ലാം തന്നെ കൂടുതൽ തിരക്കിലായതിനാൽ അവർക്ക് സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. **(ചുമതല - മൃഗസംരക്ഷണ വകുപ്പ്)**

17. വേനൽ മൂർച്ഛിക്കുകയാണ്. ജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജലം നൽകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. അതുറപ്പാക്കാൻ ജി പി എസ് വഴി ട്രാക്ക് ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു. അങ്ങനെയെങ്കിൽ സ്മാർട്ട്ഫോൺ, ജിപിഎസ് ഉപയോഗിച്ച് ട്രാക്ക് ചെയ്യാൻ കഴിയുമെന്ന് ഐ ടി സെക്രട്ടറി അറിയിച്ചു **(ചുമതല തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഐ ടി വകുപ്പ്)**
18. കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം അർഹതയുള്ളവർക്കുമാത്രം നൽകുന്നു എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. സൗജന്യമായി ഭക്ഷണം എത്രപേർക്ക് നൽകണം, എത്ര സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട് എന്നീ കണക്കുകൾ പഞ്ചായത്ത് തിട്ടപ്പെടുത്തേണ്ടതാണ്. ഭക്ഷണം ഇവിടെനിന്ന് വിൽക്കുന്ന രീതി വേണ്ട. അവിടെ നിന്ന് ഭക്ഷണം വാങ്ങുന്നവർക്ക് ഹോട്ടൽ ഭക്ഷണം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
19. തൃശ്ശൂർ ജില്ലയിൽ ആനകൾക്ക് പനമ്പട്ട ലഭിക്കുന്നില്ലെന്ന വിവരം ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കണം. **(ചുമതല മൃഗസംരക്ഷണ വകുപ്പ്)**
20. ജനങ്ങൾ കൂട്ടം കൂടാതിരിക്കാൻ പോലീസ് കർക്കശ നടപടിയെടുക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
21. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ ഇന്നലെ നടന്ന സംഭവങ്ങളിൽ സംശയിക്കത്തക്ക കാര്യങ്ങൾ നടന്നിട്ടുണ്ട്. അവരെ ഇളക്കിവിടുന്നതരത്തിൽ സന്ദേശങ്ങൾ പോയിട്ടുണ്ട്. ഒരു ചാനൽ രാവിലെ അവർക്കിടയിൽ എത്തിയിരുന്നു. പോലീസ് ഇത് ഗൗരമായി കാണുകയും പരിശോധിക്കുകയും വേണം. ചില സ്ഥലങ്ങളിൽ അതിഥി തൊഴിലാളികൾ വളരെ കൂട്ടമായാണ് താമസിക്കുന്നത്. അവരെ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നത് സംസ്ഥാനതലത്തിൽ ഒരു കമ്മറ്റി പരിശോധിച്ച് തീരുമാനമെടുക്കണം. ഇതിനായി സ്കൂളുകൾ നമുക്ക് ഉപയോഗിക്കാവുന്നതാണ്. അവർക്ക് ഭക്ഷണത്തിനുള്ള വകകൾ നൽകിയാൽ അവർ സ്വമേധയാ ഭക്ഷണം പാകം ചെയ്ത് കഴിച്ചോളും. അത്യാവശ്യം വിനോദത്തിനാവശ്യമായ ടി വി, ചെസ്സ്, ക്യാരംബോർഡ് എന്നിവ നൽകണം. അവരുടെ ഇടയിൽ കുറ്റകരമായ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യം ഒഴിവാക്കണം. രാജ്യം തീരുമാനിച്ചതിനാലാണ് അവരെ സ്വന്തം സ്ഥലത്തേക്ക് തിരിച്ചയക്കാനാകാത്തതെന്ന് അവരുടെ ഭാഷയിൽ അവരെ പറഞ്ഞ് മനസ്സിലാക്കണം. അവരുടെ കാര്യങ്ങൾ ജില്ലാതലത്തിൽ കളക്ടർ, എസ് പി, ലേബർ ആഫീസർ എന്നിവരും താലൂക്ക് തലത്തിൽ തഹസീൽദാർ, ഡിവൈഎസ്പി എന്നിവരും ഈ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. ക്യാമ്പുകളിൽ ഭക്ഷണ ദൗർലഭ്യം ഉണ്ടാകുന്നില്ലെന്ന് ജനമൈത്രി പോലീസ് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്)**
22. കാര്യങ്ങൾ ഗൗരവമായിത്തന്നെ തുടരുന്നു. രോഗ ലക്ഷണങ്ങൾ മൂർച്ഛിക്കുന്നു. പുതുതായി അനുവദിച്ച ടെസ്റ്റിംഗ് സെന്ററുകളിൽ എത്ര എണ്ണം പ്രവർത്തനക്ഷമമായി എന്ന് പരിശോധിക്കണം. അതിൽ ആർ ജി സി ബി യ്ക്ക് ഒരു ദിവസം പരമാവധി ചെയ്യാനാകുന്ന ടെസ്റ്റുകൾ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കണം. ടെസ്റ്റിംഗ് കിറ്റ് ആവശ്യമുള്ളത്ര ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
23. ആയുർവ്വേദ ഡോക്ടർമാരുമായി ഇന്ന് യോഗം ചേർന്നിരുന്നു. അവർക്ക് പ്രതിരോധം ശക്തിപ്പെടുത്താനായി നിരവധി മാർഗ്ഗങ്ങൾ ഉള്ളതായി അറിയിച്ചു. ഈ

മാർഗ്ഗങ്ങൾ ആരോഗ്യവകുപ്പിനും വിദഗ്ധ സമിതിക്കും മുമ്പിൽ അവതരിപ്പിക്കണം. വിദഗ്ധ സമിതി ഇതിൽ ഏതൊക്കെ നടപ്പിലാക്കാമെന്ന് പരിശോധിക്കണം. ആയുർവ്വേദത്തെ സഹകരിപ്പിക്കാമെന്ന നിലപാട് സ്വീകരിക്കാം എന്നാൽ ഏതൊക്കെ വിധത്തിൽ വേണമെന്ന് പിന്നീട് പരിശോധിക്കാം. **(ചുമതല ആയുഷ് വകുപ്പ്, വിദഗ്ധ സമിതി)**

24. യുവജന കമ്മീഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത സന്നദ്ധ പ്രവർത്തകരെ **സന്നദ്ധം പോർട്ടലിൽ** രജിസ്റ്റർ ചെയ്യിപ്പിച്ച് സേവനത്തിന് സജ്ജരാക്കേണ്ടതാണ്. **(ചുമതല - യുവജന കമ്മീഷൻ, സന്നദ്ധപ്രവർത്തകരുടെ ഡയറക്ടറേറ്റ്)**
25. ലോക് ഡൗൺ ആയതിനാൽ ആൾക്കാർ വീടിനകത്ത് തുടരുന്നത് അവിടെ ഗാർഹിക പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അത്തരം വീടുകളിൽ ഉള്ളവർക്ക് കൗൺസിലിംഗ് നടത്തേണ്ടതാണ്. കൗൺസിലർമാരുടെ യോഗം വിളിക്കുന്ന കാര്യം പരിശോധിക്കണം. ആരോഗ്യ വകുപ്പിൽ ജില്ലാ മാനസികാരോഗ്യ പദ്ധതി, എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയിലുള്ള കൗൺസിലർമാരെ ഇതിനായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ പുറത്തുള്ള കൗൺസിലർമാരെയും ഉപയോഗിക്കാവുന്നതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്, സാമൂഹ്യ സുരക്ഷാ വകുപ്പ്)**
26. വൃദ്ധസദനങ്ങളിൽ മരുന്ന്, സഹായികൾ, ഭക്ഷ്യധാന്യങ്ങൾ, വാഹനം എന്നിവയുടെ കുറവുണ്ട്. ഇത് പരിഹരിക്കണം **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്)**
27. ട്രക്കുകളുമായി കേരളത്തിലെത്തുന്ന ഡ്രൈവർമാർക്ക് ഭക്ഷണത്തിനുള്ള സൗകര്യം ഒരുക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)**
28. എസ് ഡി എം എ അവതരിപ്പിച്ച പരിപാടികൾ തുടർന്നും നടത്തേണ്ടതാണ്. അതിനാവശ്യമായ സമിതികളും ഉണ്ടാകേണ്ടതാണ്. **(ചുമതല - എസ് ഡി എം എ)**
29. ദ്രുത പരിശോധനാ കിറ്റുകൾ ലഭിക്കാൻ താമസം വരുവാൻ സാധ്യത ഉള്ളതിനാൽ ഉടൻ ഓർഡർ നൽകേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
30. സ്കൂളുകളിലെ ഓൺലൈൻ അഡ്മിഷനുകൾ ലോക് ഡൗണിനുശേഷം ആരംഭിച്ചാൽ മതി. കുട്ടികൾക്ക് ഈ അവസരത്തിൽ ഓൺലൈൻ സൗജന്യ കോഴ്സുകൾക്ക് ചേരാവുന്നതാണ്. **(ചുമതല -വിദ്യാഭ്യാസ വകുപ്പ്)**
31. കാസർഗോഡ് ഡയാലിസിസ്സ് മെഷീനുകൾ നൽകാൻ സി ഐ ഐ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. **(ചുമതല - ആരോഗ്യ വകുപ്പ്)**
32. കോടതികളിലെ പാറാവ് ഡ്യൂട്ടി ഒഴിവാക്കുന്നത് സംബന്ധിച്ച് അവിടവുമായി ബന്ധപ്പെടണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
33. കടകളിൽ സാമൂഹ്യ അകലം നിർബന്ധമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**

യോഗം വൈകിട്ട് 5.30 മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
22. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
23. മുഖ്യമന്ത്രിയുടെ സെക്രട്ടറി
24. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
25. ഡി ജി ഇ, തിരുവനന്തപുരം
26. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
27. മറ്റുള്ളവർ